ഭരണഭാഷ-മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## (ഹാജർ. എ.ജയിംസ് രാജ്)

തിരുവനന്തപുരം

നമ്പർ. 894/2020/ഇ 9/ഡിപി                                   തീയതി. 04.11.2020

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - കംപ്യൂട്ടിംഗ് വിഭാഗം - സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. അച്ചടി വകുപ്പ് ഡയറക്ടറുടെ 20.10.2020-ലെ 222/2017/ഇ 8/ഡിപി നമ്പർ ഉത്തരവ്.
2. തിരുവനന്തപുരം സർക്കാർ മുദ്രനിർമ്മാണശാലയിലെ കംപ്യൂട്ടിംഗ് സൂപ്പർവൈസർ ശ്രീമതി.ഗ്രേസ് മാത്യുവിന്റെ അപേക്ഷ.
3. വാഴൂർ ഗവൺമെന്റ് പ്രസ്സിലെ കംപ്യൂട്ടിംഗ് സൂപ്പർവൈസർ ശ്രീ.കെ.എം.മനോജിന്റെ അപേക്ഷ.

## ഉത്തരവ്

തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഹെഡ് കംപ്യൂട്ടർ ശ്രീമതി. പ്രജിത.സി.ആർ. -ന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചുമൂലം തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ ഹെഡ് കംപ്യൂട്ടറുടെ ഒരു ഒഴിവ് നിലവിലുണ്ട്. പ്രസ്തുത ഒഴിവിലേയ്ക്ക് പരാമർശം (2), (3) പ്രകാരമുള്ള ജീവനക്കാരുടെ അപേക്ഷകളിൽ പരിഗണിക്കാവുന്ന അപേക്ഷകൾ പരിഗണിച്ചും മറ്റുള്ള അപേക്ഷകൾ ഇനി വരുന്ന ഒഴിവുകളിലേയ്ക്ക് പരിഗണിക്കാമെന്ന വ്യവസ്ഥയിൽ നിരസിച്ചും താഴെ പറയും പ്രകാരം സ്ഥാനക്കയറ്റം / സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്/തസ്തിക/ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | ഒഴിവ് സംബന്ധിച്ച വിവരം | ഒഴിവിന്റെ സ്വഭാവം |
|---|---|---|---|---|
| 1) | ശ്രീ.റ്റി.എം.അനിൽ,<br>ഹെഡ് കംപ്യൂട്ടർ,<br>ഗവ. പ്രസ്സ്, മണ്ണന്തല | സ്ഥലംമാറ്റം<br>ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം | ശ്രീമതി.പ്രജിത.<br>സി.ആർ. ന് സ്ഥാന-ക്കയറ്റം നൽകിയ ഒഴിവിൽ | |

| | | | | |
|---|---|---|---|---|
| 2) | ശ്രീ.കെ.എം.മനോജ്, കംപ്യൂട്ടിംഗ് സൂപ്പർവൈസർ, ഗവ. പ്രസ്സ്, വാഴൂർ | സ്ഥാനക്കയറ്റം ഹെഡ് കംപ്യൂട്ടർ ഗവ. പ്രസ്സ്, മണ്ണന്തല (32300-68700) | ശ്രീ.റ്റി.എം.അനിലിന് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ | |
| 3) | ശ്രീമതി.ഗ്രേസ് മാത്യു, കംപ്യൂട്ടിംഗ്സൂപ്പർവൈസർ, സർക്കാർമുദ്രനിർമ്മാണശാല, തിരുവനന്തപുരം | സ്ഥലംമാറ്റം ഗവ. പ്രസ്സ്, വാഴൂർ | ശ്രീ.കെ.എം.മനോജിന് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ | അപേക്ഷ പ്രകാരം |

ടി സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നിയമനങ്ങളിൽ ആക്ഷേപമുള്ള പക്ഷം ജി.ഒ. (പി) 3/2017/ഉ.ഭ.പ.വ. -ലെ ഖണ്ഡിക 7 (ii) പ്രകാരം സെക്രട്ടറിക്ക് അപ്പീലുകൾ സമർപ്പിക്കാവുന്നതാണ്. സ്ഥാനക്കയറ്റം/സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരെ വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ അതാത് ഡെപ്യൂട്ടി സൂപ്രണ്ടുമാർ സ്വീകരിക്കേണ്ടതാണ്. സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃതമായ ചേരുംകാലത്തിനും യാത്രാബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-,
അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ./
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം.
ഡെപ്യൂട്ടി സൂപ്രണ്ട്, സർക്കാർ മുദ്രനിർമ്മാണശാല, തിരുവനന്തപുരം./
ഗവ. പ്രസ്സ്, മണ്ണന്തല./വാഴൂർ.
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./അക്കൗണ്ട്സ് ഓഫീസർ./ സീനിയർ സൂപ്രണ്ട്./
ഓഫീസ് മാനേജർ./ജൂനിയർ സൂപ്രണ്ട്.ഇ I./ ജിസിപി എസ്റ്റാബ്ലിഷ്മെന്റ്./
ചീഫ് ടൈം കീപ്പർ./ജിസിപി.ഇ 7 സീറ്റ്./വെബ്സൈറ്റ്./ ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.

ജെ.എസ്.